GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

Reg. No. : ..............................

Name : ..................................

K20P 0282

II Semester M.A. Degree (CBSS – Reg./Suppl./Imp.) Examination, April 2020
(2018 Admission Onwards)
MALAYALAM LANGUAGE AND LITERATURE
MAL E 03 : Dramatical Studies

Time : 3 Hours                                                                 Max. Marks : 80

I. താഴെപ്പറയുന്നവയെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

1) സംഗീതനൈഷധം.

2) ഓച്ചിറ വേലുക്കുട്ടി ഭാഗവതർ.

3) വീഥി.

4) ഈഡിപ്പസ് കൊളോണസ്സിൽ.

5) മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട്. (5×4=20)

II. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) എല്ലാ നാടകങ്ങളും ഏതെങ്കിലും പ്രശ്നത്തെ/പ്രശ്നങ്ങളെ ആധാരമാക്കിയാണ് രചിക്കപ്പെടുന്നത്. അപ്പോൾ പ്രശ്നനാടകം എന്ന സങ്കല്പത്തിന് പ്രസക്തിയുണ്ടോ ?

അല്ലെങ്കിൽ

b) വെയിറ്റിംങ് ഫോർ ഗോദോയെ അസംബന്ധനാടകം എന്നു വിളിക്കുന്നതെന്തുകൊണ്ട് ?

7) a) കേരളത്തിലെ സ്ത്രീനാടക പ്രവർത്തകരെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

b) ദശരൂപകങ്ങൾ ഏതെല്ലാം ? നാടകവും പ്രകരണവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്ത് ?

8) a) ''എന്നാലും ഒള്ളത് പറയണോല്ലോ. അങ്ങേര് നേരത്ത് കാശുതരുവാർന്നു''
– വിശദീകരിക്കുക.

അല്ലെങ്കിൽ

b) ''ഒരുത്തൻ ചത്തു. മറ്റവൻ കഴുവേലും. കടിച്ചതുല്ല, പിടിച്ചതുല്ല. അമ്മേടെ തലേമില്ല''
– ആശയമെന്ത് ?

P.T.O.

9) a) "എന്നെ സ്നേഹിക്കാനിനി ആരുമില്ല. സ്നേഹിക്കാനാരുമില്ലെങ്കിൽ ഈ ലോകത്ത് ജീവിക്കാൻ കഴിയുകയില്ലപ്പാ. ഞാനിപ്പോൾ ഒറ്റക്കാണ്" – വിശദീകരിക്കുക.

അല്ലെങ്കിൽ

b) "ആ പണംകൊണ്ട് നിങ്ങളെന്നെ ചികിത്സിക്കരുത്. അതുകൊണ്ടെന്നെ ചികിത്സിക്കുക എന്നു പറഞ്ഞാൽ ഞാനതിനെ തിന്നുന്നതിന് സമമാണമ്മേ" – എന്തിനെ ?

10) a) മലയാള നാടകത്തിന്റെ പ്രാരംഭഘട്ടത്തെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

b) മലബാർ കേന്ദ്രകലാസമിതി പ്രവർത്തനത്തെപ്പറ്റി ഉപന്യസിക്കുക. (5×6=30)

III. ഓരോന്നും ആറ് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) സി. ജെ. തോമസിന്റെ കൃതികളിൽ ചർച്ച ചെയ്യപ്പെടുന്ന അധികാരത്തിന്റെ വിഭിന്ന ഭാവങ്ങളെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

b) ഇബ്സൻ നാടകങ്ങളുടെ പൊതുസവിശേഷതകൾ ഏവ ? ഈ രചനകൾ മലയാള നാടകവേദിയെ സ്വാധീനിച്ചതെങ്ങനെ ?

12) a) വക്രോക്തി സിദ്ധാന്തം ലങ്കാലക്ഷ്മിയുടെ രചനയിൽ സി. എൻ. ശ്രീകണ്ഠൻ നായർ അനുഷ്ഠിക്കുന്നതെങ്ങനെ ?

അല്ലെങ്കിൽ

b) കാവാലം നാരായണപ്പണിക്കരുടെ നാടകങ്ങളെ പൊതുവായും അവനവൻ കടമ്പയെ സവിശേഷമായും അപഗ്രഥിച്ച് തനതു നാടക സങ്കല്പത്തെ വിശദീകരിക്കുക.

13) a) സമത്വവാദിയിലൂടെ മലയാള നാടകവേദിയിൽ സ്ഥാപിതമായ ആധുനികതാവാദം 1128-ൽ ക്രൈം 27 എന്ന രചനയിൽ സി. ജെ. തോമസ് അരക്കിട്ടുറപ്പിക്കുന്നതെങ്ങനെ ?

അല്ലെങ്കിൽ

b) കേരളത്തെ മാറ്റിപ്പണിഞ്ഞതിൽ പങ്കാളികളായ സാമുദായിക-സാമൂഹിക നാടകങ്ങളെപ്പറ്റി ചർച്ച ചെയ്യുക. (3×10=30)

---